സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും

88 (2998) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യങ്ങളും വികസിപ്പിക്കുവാൻ സന്നദ്ധരായ വ്യക്തികളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

89 (2999) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കുമോ ; വ്യവസ്ഥകൾ പാലിക്കാത്ത എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്കുള്ള അംഗീകാരം പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) കുടിവെള്ളം, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത എത്ര എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ട് ; ഇതുസംബന്ധമായി സർവ്വേ നടത്തിയിട്ടുണ്ടായിരുന്നുവോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കുടിവെള്ള സൗകര്യവും ശൗചാലയങ്ങളും സ്ഥാപിക്കാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly